പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6219 — 09.07.2013-ൽ മറുപടിക്ക്.

## ബഹുനില മന്ദിരങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആവശ്യമായി വരുന്ന സുരക്ഷാ സംവിധാനങ്ങൾ അഗ്നിശമനരക്ഷാ വിഭാഗം പരിശോധിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ; | : (എ) & (ബി)<br>ഉണ്ട് ; സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങളുടെ എണ്ണവും, അഗ്നി ദുരന്തങ്ങളും വർദ്ധിച്ചുവരുന്നതിനാലും ബഹുനില മന്ദിരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അഗ്നിസുരക്ഷാ സജ്ജീകരണങ്ങൾ ശരിയായ രീതിയിൽ പരിപാലിച്ചു വരുന്നുണ്ടെന്നും, ആയവ അപകട സന്ധികളിൽ പ്രവർത്തന സജ്ജമാക്കി നിലനിർത്തുവാൻ പര്യാപ്തമാണെന്നും ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത മന്ദിരങ്ങൾ അഗ്നിശമന രക്ഷാ സേവന വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്താതിരിക്കുകയോ/ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതിരിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കേസുകളിൽ നിശ്ചിത സമയപരിധി നൽകി ആയവ പരിഹരിക്കപ്പെടാത്ത പക്ഷം അത്തരം കെട്ടിട ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർ എന്നിവർക്ക് റിപ്പോർട്ട് നൽകി വരുന്നു. കൂടാതെ അഗ്നിസുരക്ഷാവീക്ഷണത്തിൽ ബഹുനില കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിവരുന്ന എൻ.ഒ.സി. പ്രതിവർഷം പുതുക്കേണ്ടതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.ഒ.സി. പ്രതിവർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട/ സ്ഥാപന പരിശോധന വർഷംതോറും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(മറുപുറം)

(സി) തീപിടിത്തമോ, പ്രകൃതി ക്ഷോഭമോ, കാലപ്പഴക്കമോ മൂലം ഇത്തരം കെട്ടിടങ്ങൾക്കുണ്ടാകുന്ന സുരക്ഷാ ഭീഷണി നേരിടാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

: (സി) തീ പിടിത്തവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങൾക്കുണ്ടാകുന്ന ഭീഷണി നേരിടുന്നതിനായി ബഹുനില മന്ദിരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അഗ്നിസുരക്ഷാ സജ്ജീകരണങ്ങൾ പരിശോധിക്കുകയും മേൽ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) പത്തിലേറെ നിലകളുള്ള കെട്ടിടങ്ങൾ ഗ്രാമീണ മേഖലയിൽപ്പോലും നിർമ്മിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്പോഴുള്ള മുൻകരുതലുകൾ അപര്യാപ്തമാണെന്നതു പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

: (ഡി) നഗര/ഗ്രാമീണ മേഖലകൾ പരിഗണിക്കാതെ, ബഹുനില മന്ദിരങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള, അഗ്നിശമന രക്ഷാസേവന വകുപ്പുമായി ബന്ധപ്പെട്ട സുരക്ഷകൾ ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ